# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മലമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ്-(പികെഡി) പി-14-1249/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/09/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി-14-1249/23 തീയ്യതി: 30/09/2023

## പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-02-2023 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി കെ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ
രാജിഷ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷെഹീർ.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
കന്തസ്വാമി.ഐ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി. രാധിക മാധവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. കണ്ണൻ എൻ കെ | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീ. പ്രവീൺ പി ഐ | സെക്രട്ടറി | 08-04-2022 | 31-03-2023 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനീത് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-12-2022 |
| ശ്രീ. അജിത് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-12-2022 | 24-12-2022 |
| ശ്രീ. വിനീത് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-12-2022 | 31-03-2023 |
| ശ്രീമതി. മീനാക്ഷിക്കുട്ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. ശാരദ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2022 | 31-03-2023 |
| ഡോ. ശ്രീജിത്ത് വി വി | വെറ്ററിനറി സർജൻ | 01-04-2022 | 24-03-2023 |
| ഡോ. ശ്രീഹരി | വെറ്ററിനറി സർജൻ | 25-03-2023 | 31-03-2023 |
| ശ്രീമതി. ഷീബാദേവി പി ടി | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി പത്മജ ടി പ്രഭാകരൻ | കൃഷി ഓഫീസർ | 01-04-2022 | 27-12-2022 |
| ശ്രീ. ജിജി ജെ | കൃഷി ഓഫീസർ | 28-12-2022 | 31-03-2023 |
| ഡോ. ഷാബു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 29-05-2022 |
| ഡോ. മനേഷ് കുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 30-05-2022 | 31-03-2023 |
| ഡോ. ശ്രുതി എം നമ്പ്യാർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 04-05-2022 |
| ഡോ. ജയപ്രസാദ് ടി കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 05-05-2022 | 31-03-2023 |
| ശ്രീ. തങ്കരാജ് പി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രുതി സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-05-2022 |
| ശ്രീമതി. ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-05-2022 | 07-01-2023 |
| ശ്രീ. അഭിജിത്ത് കെ ദീപക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-01-2023 | 02-02-2023 |
| ശ്രീമതി. ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-02-2023 | 31-03-2023 |
| ഡോ. രഹ്ന എം രവിന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - മുഴുവൻ പത്രികകൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | Advance To Implementing Agencies എന്ന ഹെഡിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകുന്ന ചെലവ് രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ഡി.സി.ബി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-11-0 |
| 24 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല | 1-11-1 |
| 25 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-11-3 |
| 27 | പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-4 |
| 28 | പദ്ധതി പ്രകാരമുള്ള താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-5 |
| 29 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി | 1-11-6 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 30 | സഞ്ചയ അസസ്മെന്റ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-7 |
| 31 | ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-8 |
| 32 | വസ്തു നികുതി പരിഷ്ക്കരണം - അവലോകനം | 1-12-0 |
| 33 | സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടില്ല | 1-12-1 |
| 34 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-12-2 |
| 35 | വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു | 1-12-3 |
| 36 | ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ സംബന്ധിച്ച് | 1-13-0 |
| 37 | സ്ഥലപരിശോധന റിപ്പോർട്ട്, സെക്ഷൻ ക്ലാർക്കിന്റെ അഭിപ്രായം, സെക്രട്ടറിയുടെ അഭിപ്രായം എന്നിവ രേഖപ്പെടുത്തിയിട്ടില്ല | 1-13-1 |
| 38 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു. | 1-13-2 |
| 39 | മുൻവർഷം ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. | 1-13-3 |
| 40 | എ.ബി.സി .പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 41 | റൂം ഫോർ റിവർ പദ്ധതി - പദ്ധതി പുരോഗതി, വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 1-15 |
| 42 | പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ പ്രവൃത്തി പുരോഗതി- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 43 | തെരുവുവിളക്ക് പരിപാലനം-അവലോകനം | 1-17 |
| 44 | മാലിന്യ നിർമ്മാർജന പ്രവൃത്തികൾ -ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല | 1-18 |
| 45 | ഗാർഹിക ബയോ കമ്പോസ്റ്റ് ബിൻ -വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 46 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം-പ്രവർത്തനം സംബന്ധിച്ച് | 1-20 |
| 47 | അഗതികേരളം പ്രൊജക്ട് - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 48 | യാത്ര ബത്ത അനുവദിച്ചത് ക്രമ പ്രകാരമല്ല- തുക നിരാകരിക്കുന്നു | 1-22 |
| 49 | യാത്ര ബത്ത നൽകിയത് ക്രമ പ്രകാരമല്ല-തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 50 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി വകയിരുത്തിയ ഫണ്ട് അപര്യാപ്തമാണ് | 1-24 |
| 51 | മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയില്ല | 1-25 |
| 52 | മരാമത്ത് പണികൾ- PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% OH ഉം 10% CP ഉം നൽകുന്നു. | 1-26 |
| 53 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-27 |
| 54 | സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-28 |
| 55 | മരാമത്ത് പണികൾ-അപാകതകൾ | 1-29 |
| 56 | അഗതി കേരളം പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗിച്ചിട്ടില്ല | 1-30 |
| 57 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും | 1-31 |

| | | |
|---|---|---|
| | മരുന്നുകൾ ലഭ്യമായിട്ടില്ല | |
| 58 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-32 |
| 59 | പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ - വീൽ ചെയർ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-33 |
| 60 | പാലിയേറ്റീവ് പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(5) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.06.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - മുഴുവൻ പത്രികകൾ സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 88,48,831/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -224864/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

B4 ഷെഡ്യൂൾ അനുസരിച്ച് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള Grants, Funds And Contributions For Specific Purposes ഹെഡിൽ താഴെ പറയുന്ന തുകകൾ നീക്കിയിരിപ്പുണ്ട്. എന്നാൽ മേൽ തുകകൾക്ക് തത്തുല്യമായ അക്കൗണ്ട് ഹെഡുകൾ B17 ഷെഡ്യൂളിൽ ഇല്ല. തൻമൂലം മേൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം. | കോഡ് | ഹെഡ് | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1704055 |
| 2 | 320700304 | Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats | 375000 |
| 3 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- | 200510 |

| | | | |
|---|---|---|---|
| | | From Block Panchayats | |
| 4 | 320700405 | Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 2573198 |

**1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

2022-23ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് . എന്നാൽ നിലവിൽ മൂന്നു മാസത്തിൽ ഒരിക്കൽ മാത്രമാണ് ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-6 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല**

ഓഡിറ്റോറിയത്തിൽ നിന്നുള്ള വാടക തുക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 4,72,000/- രൂപയും എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 4,88,000/- രൂപയും ആകുന്നു.

**1-1-7 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല**

23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകേണ്ട ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

കുടിശ്ശിക തുകയ്ക്ക് അനുസൃതമായി വാർഷിക ധനകാര്യ പത്രികയിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-9 Advance To Implementing Agencies എന്ന ഹെഡിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകുന്ന ചെലവ് രേഖപ്പെടുത്തുന്നില്ല**

മറ്റ് ഏജൻസികൾ മുഖേന ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകുന്ന ചെലവ് Advance To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-10 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺ ട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-11 ഡി.സി.ബി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-12 Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ)-18,19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income-Property Tax | 34774 |
| 190100102-Prior Period Income-Profession Tax-Institutions | 34950 |
| 190200201-Prior Period Income-License Fees | 7000 |
| 190200401-Prior Period Income- Other Income | (1653739) |
| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) 290800601- Prior Period Expenses-Revenue Grants | (1767012) |

**1-2 ബജറ്റ്**

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
23.03.2022ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 02.02.2023 ന് ചേർന്ന യോഗത്തിലെ തീരുമാനം 3 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9185240 |
| തൻവർഷം വരവ് | 186799000 |
| ആകെ വരവ് | 195984240 |
| ചെലവ് | 189574000 |
| നീക്കിയിരിപ്പ് | 6410240 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹25166284 |
| വരവ് | ₹36009503 |
| ആകെ | ₹61175787 |
| ചെലവ് | ₹27160672 |
| നീക്കിയിരിപ്പ് | ₹34015115 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് –ജനറൽ (*) | 0 | 26531735 | 26531735 | 18342831 | 8188904 |
| വികസനഫണ്ട് –എസ്.സി.പി (**) | 0 | 6414047 | 6414047 | 5538105 | 875942 |
| വികസനഫണ്ട് –ടി.എസ്.പി (***) | 0 | 3700481 | 3700481 | 3299651 | 400830 |
| മെയ്ന്റനൻസ് ഗ്രാന്റ് –റോഡ് | 0 | 3811000 | 3811000 | 1314493 | 2496507 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ്**** | 0 | 7263000 | 7263000 | 5233933 | 2029067 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New***** | 2190500 (ബാങ്കിൽ) | 5833684 | 8024184 | 5021553 | 3002631 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 5638570 (ബാങ്കിൽ) | 8244806 | 13883376 | 2875277 | 11008099 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-New****** | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 1516474 | 1516474 | 538507 | 977967 (ലാപ്സായത്) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 4097202 | 4097202 | 2747803 | 1349399 (ലാപ്സായത്) |

(*) 1) വികസന ഫണ്ട് - ജനറൽ പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ ട്രഷറിയിൽ നന്നും മാറിയിട്ടില്ല. എന്നാൽ സാംഖ്യയിലെ എ സി ആറിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ട്രഷറിയിൽ നന്നും മാറാത്ത 1102443 രൂപ തൻവർഷത്തെ ചെലവായി എടുത്തിട്ടില്ല.

| ക്രമ നം. | പദ്ധതി | ബിൽ നം./ തീയതി | തുക |
|---|---|---|---|
| 1 | 11/23 – അങ്കണവാടി പോഷകാഹാരം | 334/28.03.2023 | 202443 |
| 2 | 132/23 – വയോജനങ്ങൾക്ക് കട്ടിൽ | 347/29.03.2023 | 272350 |
| 3 | 132/23 – വയോജനങ്ങൾക്ക് കട്ടിൽ | 358/29.03.2023 | 627650 |
| ആകെ | | | 1102443 രൂപ |

2) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 3967738 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 443196 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 196013 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(****) മെയിന്റനൻസ് ഫണ്ട് - റോഡിതരം പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ ട്രഷറിയിൽ നിന്നും മാറിയിട്ടില്ല. എന്നാൽ സാംഖ്യയിലെ എ സി ആറിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ട്രഷറിയിൽ നിന്നും മാറാത്ത 113969 രൂപ തൻവർഷത്തെ ചെലവായി എടുത്തിട്ടില്ല.

| ക്രമ നം. | പദ്ധതി | ബിൽ നം./ തീയതി | തുക |
|---|---|---|---|
| 1 | 102/23 – ലാബിന് എയർ | 332/28.03.2023 | 47500 |

| | | | |
|---|---|---|---|
| | കണ്ടിഷനർ വാങ്ങൽ | | |
| 2 | 130/23 – ഐ സി ഡി എസ് കണ്ടിജൻസി ചെലവുകൾ | 333/28.03.2023 | 15797 |
| 3 | 100/23 – പി എച്ച് സി കണ്ടിജൻസി ചെലവുകൾ | 345/29.03.2023 | 50672 |
| ആകെ | | | 113969 രൂപ |

(*****) ടൈഡ് ഫണ്ടിനും അൺടൈഡ് ഫണ്ടിനുമായി ലഭിച്ച 359684 രൂപയുടെ പലിശ അൺടൈഡ് ഫണ്ടിൽ മാത്രമാണ് രേഖപ്പെടുത്തിയത്.

(******) കേരള വാട്ടർ അതോരിറ്റിയിൽ നിന്നും റീ ഫണ്ടായി ലഭിച്ച 33806 രൂപ വരവായി എടുത്തിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1327451 | 917950 | 2245401 | 0 | 2245401 |

2. തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് -അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1203332 | 1203332 | 1203332 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളി കളുടെ വേതനം | 0 | 31495026 | 31495026 | 31495026 | 0 |
| ആകെ | 0 | 32698358 | 32698358 | 32698358 | 0 |

(ധനകാര്യ പത്രിക പ്രകാരം പലിശ ഇനത്തിലുള്ള 805 രൂപ നീക്കിയിരിപ്പായി വന്നിട്ടുണ്ട്.) ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 430965 | 1713220 (Prior Period Income Adjusted As Per Audit Report 21-22 Para 1-2-1(2) + 55731 Interest) | 2144185 | 345045 | 1799140 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2513133 | 423489 | 2936622 | 500000 + 1717012 Prior Period Expense Adjusted 20-21 (H/A – Other Administrative Expenses) As Per Audit Report 21-22 Para 1-2-1(1) = 2217012 | 719610 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 |

**1-5 പദ്ധതി അവലോകനം**

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 124106704 | 135 | 54944967 | 0 | 36 | 78.95 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി | 6 | 8090973 | 5 | 6401092 | 79.11 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| വെറ്റിനറി സർജൻ | 7 | 2385000 | 7 | 1930170 | 80.93 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 16 | 4100413 | 12 | 1930170 | 40.07 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 230000 | 2 | 229995 | 99.99 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 570000 | 5 | 558228 | 97.93 |
| വി.ഇ.ഒ | 20 | 54666065 | 14 | 14354067 | 26.26 |
| ICDS സൂപ്പർ വൈസർ | 15 | 7872325 | 12 | 4714704 | 59.89 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1150000 | 1 | 1133285 | 98.55 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 32 | 12839819 | 27 | 8776013 | 68.35 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 28485109 | 39 | 12505500 | 43.9 |
| ഹെഡ് മാസ്റ്റർ | 12 | 3717000 | 11 | 2411743 | 64.88 |
| ആകെ | 171 | 124106704 | 135 | 54944967 | 44.27 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

**1-6 തൊഴിലുറപ്പ് പദ്ധതി**

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് -അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1203332 | 1203332 | 1203332 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളി കളുടെ വേതനം | 0 | 31495026 | 31495026 | 31495026 | 0 |
| ആകെ | 0 | 32698358 | 32698358 | 32698358 | 0 |

(ധനകാര്യ പത്രിക പ്രകാരം പലിശ ഇനത്തിലുള്ള 805 രൂപ നീക്കിയിരിപ്പായി വന്നിട്ടുണ്ട്.) ഈ വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

**1-7 ക്ഷേമ പദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1488600 | 160 |
| 2 | വാർദ്ധക്യകാല പെൻഷൻ | 10960800 | 1160 |
| 3 | വികലാംഗ പെൻഷൻ | 1858600 | 174 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 316200 | 29 |
| 5 | വിധവാ പെൻഷൻ | 6262400 | 639 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2023 തീയതിയിൽ 3.00 പി എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11871/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2022-23 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ 45 ശതമാനത്തിൽ താഴെ മാത്രം ചെലവഴിക്കാനാണ് സാധിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിലുള്ള ₹69161737 ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി

അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

02/2023 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 മുതൽ 2021-22 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

24.08.2022 ൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 08/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

**1-11-0 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിൽ 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-11-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല**

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഒരു സ്ഥാപനത്തിന്റെ ഒന്നാം അർദ്ധ വർഷത്തെയും രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയ വിവരം അടുത്തടുത്ത പേജുകളിലായി രേഖപ്പെടുത്തുന്നില്ല. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 205 ഐ , 1994 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

**1-11-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 143 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|---|---|---|
| 1 | മനോമിത്ര | ഡോ. | 3 | 3/22-23 |

| | | | | |
|---|---|---|---|---|
| | ഹോസ്പിറ്റൽ കാന്റീൻ | പ്രേമദാസൻ | | |
| 2 | മനോമിത്ര റിട്രീറ്റ് സെന്റർ | ആനന്ദവല്ലി | 5 | 4/22-23 |
| 3 | ശ്രീകൃഷ്ണ ഇന്റർലോക്ക് | സജീവ് ടി | 10 | 7/22-23 |
| 4 | മദർ ജോസഫൈൻ മെമോറിയൽ ഹോസ്പിറ്റൽ | സിസ്റ്റർ മാരിസ് ആന്റോ | 3 | 13/22-23 |
| 5 | തനിമ മിനി ഡയറി പ്ലാന്റ്സ് | കെ കെ സുരേഷ്കുമാർ | 3 | 116/22-23 |
| 6 | ആമസോൺ സൂപ്പർമാർക്കറ്റ് | ഗൗരി കെ | 5 | 19/22-23 |
| 7 | ജ്യോതി സർജിക്കൽ ഇൻഡസ്ട്രീസ് | സന്തോഷ് ശശിധരൻ | 3 | 44/22-23 |
| 8 | ഫാന്റസി റസ്റ്റോറന്റ്സ് | ക്യാപ്റ്റൻ ടി എസ് അശോകൻ | 5 | 64/22-23 |
| 9 | ഹോട്ടൽ ഗോവർധന & ബാർ | സി എസ് കൃഷ്ണനുണ്ണി | 11 | 79/22-23 |
| 10 | കണ്ണാട്ട് ഫ്യൂവൽസ് | മായ എസ് | 5 | 106/22-23 |
| 11 | ഔറിവോയർ ആയുർവ്വേദ സെന്റർ | കെ പി ഖാലിദ് | 5 | 84/22-23 |
| 12 | മലമ്പുഴ സർവ്വീസ് കോ. ബാങ്ക് വളം ഡിപ്പോ | സെക്രട്ടറി | 10 | 97/22-23 |
| 13 | പാരഡൈസ് ഹോട്ടൽ | അബ്ദുൾ സലീം എൻ എം | 5 | 104/22-23 |

ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-11-3 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല</u>**

പഞ്ചായത്തിന്റെ വികസന രേഖകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | വലിയക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | കവ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | അക്ഷയ ഇ കേന്ദ്രം, മന്തക്കാട് | I &II |
| 4 | റേഷൻ കടകൾ | I &II |
| 5 | കള്ള് ഷാപ്പുകൾ | I &II |

**1-11-4 പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ചില കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ തൊഴിൽ നികുതി ഈടാക്കാത്തവരുടെ പേരുകൾ (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ളത്) |
|---|---|
| 1 | എം സി മാത്യൂ |
| 2 | ജെനിൽ ജേക്കബ് |
| 3 | രജിത്ത് ആർ |
| 4 | നിജോ പി സെബാസ്റ്റ്യൻ |
| 5 | ദിലീപ് സി ജെ |
| 6 | അജി ടി ഫിലിപ് |

**1-11-5 പദ്ധതി പ്രകാരമുള്ള താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

| പ്രൊജക്ട് നം. പേര് | അടങ്കൽ | ചെലവ് | പദ്ധതി പ്രകാരമുള്ള താൽക്കാലിക ജീവനക്കാരുടെ വിവരം |
|---|---|---|---|
| 111/23 – ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്കുള്ള | 527850 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 241720 രൂപ | 1. ഡോക്ടർ<br>2. സ്റ്റാഫ് നേഴ്സ്<br>3. ഫാർമസിസ്റ്റ് |

| | | | |
|---|---|---|---|
| ഹോണറേറിയം | | | |
| 118/23 – ആംബുലൻസ് പ്രവർത്തന സജ്ജമാക്കൽ | 100000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 79240 രൂപ | ആംബുലൻസ് ഡ്രൈവർ |

മേൽ പദ്ധതികൾ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. എന്നാൽ താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>1-11-6 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| മനോമിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 20 | 33 |
| ഉഷ ബ്രക്കോ ലിമിറ്റഡ് | 13 | 17 |
| ഔറിവോയർ റിസോർട്ട് | 6 | 10 |

സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-11-7 സഞ്ചയ അസസ്മെന്റ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

സഞ്ചയയിലെ വാർഡ് 1 മുതൽ 4 വരെയുള്ള വാർഡുകളുടെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിട നം. നൽകിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1/307, 1/306, | മാനേജർ, എലാക് പ്ലാന്റേഷൻ |

| | | |
|---|---|---|
| | 1/404 | |
| 2 | 1/412 | അശോക റിസോർട്ട് |
| 3 | 1/415 | ഇൻഡ്യൻ കോർപ്പറേഷൻ റിസോർട്ട് |
| 4 | 1/156, 1/158, 1/159 | മാനേജർ, റിവർസൈഡ് പ്ലാന്റേഷൻ |
| 5 | 2/346 | ഫൈവ് എം ലാബ് പ്രൈ. ലിമിറ്റഡ് |
| 6 | 3/33, 3/34 | മാനേജർ, വെട്ടിയിൽ എസ്റ്റേറ്റ് |
| 7 | 4/59, 4/63 | ഡയറക്ടർ, സഹജ് മാർഗ് സ്പിരിച്വാലിറ്റി |
| 8 | 4/740 | ഡെപ്യൂട്ടി ജി എം, ഗെയിൽ ഇന്ത്യ |

**1-11-8 ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

മുൻവർഷം (2021-22) ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളിലേയും നടത്തിപ്പുകാരിൽ നിന്നും തൻവർഷം ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | ലൈസൻസ് ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര്, ഇനം | മുൻവർഷം (2021-22) അടവാക്കിയ തൊഴിൽ നികുതി |
|---|---|---|---|
| 1 | ഫൈസൽ റഹ്മാൻ വൈ | ഫൈസൽ സ്റ്റോർസ് | 600 |
| 2 | വിജയ ദേവ് എൻ വി | നോവെൽ ഡീൽ (ഫുഡ് പ്രൊഡക്ട്സ്), മന്തക്കാട് | 600 |
| 3 | മുരളീധരൻ എ | കവിത ഹോട്ടൽ, ഫാന്റസി പാർകിന് സമീപം | 600 |
| 4 | എം സുരേഷ് കുമാർ | നന്ദനം ഫാൻസി & ഗിഫ്റ്റ് ഹൗസ്, മന്തക്കാട് | 600 |
| 5 | ജിജിൻ പി ബിജു | ഇ ടെക് മലമ്പുഴ പാക്ഡ് സോഫ്റ്റ് ഡിംഗ്സ് | 600 |
| 6 | സഞ്ചു ഷാജി | സെന്റ് ആന്റണി ശബരി | 600 |

| | | | |
|---|---|---|---|
| | | സ്റ്റോർ | |
| 7 | കൃഷ്ണദാസ് പി | വിനായക ടു വീലർ വർക് ഷോപ്പ് | 600 |
| 8 | സുദർശൻ കെ കെ | ദി ഡിസൈനർ ബിൽഡിംഗ് സോലൂഷൻ, മലമ്പുഴ | 600 |
| 9 | ബിജോയ് പീറ്റർ | എവർഷൈൻ എഞ്ചിനീയറിംഗ് വർക്സ്, മലമ്പുഴ | 750 |
| 10 | അഷറഫ് ടി എസ് | സ്പൈസ് റെസ്റ്റോറന്റ് | 1200 |
| 11 | മണികണ്ഠൻ എസ് | എം കെ ഇൻഡസ്ട്രീസ്, കടുക്കാംകുന്ന് | 600 |
| 12 | എ കോമളവല്ലി | മോഡി കെയർ ഡിപ്പോട്ട്, മന്തക്കാട് | 600 |
| 13 | മായാദേവി എം | ഫാൻസി, ഗിഫ്റ്റ് ഹൗസ്Fancy, കടുക്കാംകുന്ന് | 300 |
| 14 | ബേബി പ്രിയ കെ | ലൈഫ് കെയർ ന്യൂട്രീഷൻ സെന്റർ | 300 |
| 15 | സദ്ദാം എസ് | വൈ ഫൈ മൊബൈൽസ്, മന്തക്കാട് | 300 |

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട മേൽ അപാകങ്ങൾക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/15.07.2023) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12-0 വസ്തു നികുതി പരിഷ്ക്കരണം - അവലോകനം**

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 05.04.2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 479/2023 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും (01.04.2023) സർക്കാർ നിശ്ചയിച്ചിരുന്നു. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല. ആയതിനുള്ള കാരണം

അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/15.07.2023) 13.04.2023 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം (നം. 9/1) ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് പഞ്ചായത്തിൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിച്ച് കരട് വിജ്ഞാപനം (നം. എസ് സി3/101/23, തീയതി - 01.06.2023) പത്ര പരസ്യം ചെയ്തിട്ടുണ്ടെന്നും, ആയതിൽ ആക്ഷേപം ഒന്നും ലഭിക്കാത്തതിനാൽ അടുത്ത് വരുന്ന ധനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയിലും, ഭരണ സമിതിയിലും വെച്ച് അന്തിമമാക്കി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി പരിഷ്ക്കരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചിട്ടുണ്ടെങ്കിൽ, തുടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/15.07.2023) സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത പരിശോധിച്ച് ഈ ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതാണ്.

## 1-12-2 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ)നം.106/17/തസ്വഭവ പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ 'Exemption Register – Ex Servicemen' പ്രകാരം 44 കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന (നം. 02/03.06.2022) പ്രകാരം 26 പേർക്കും 2023-24 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന (നം. 02/08.06.2023) പ്രകാരം 29 പേർക്കും മാത്രമാണ് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇളവ് നൽകിയിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/15.07.2023) നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം നൽകാത്ത

കെട്ടിങ്ങൾ നിലവിലും വിമുക്ത ഭടന്മാർ ഉപയോഗിക്കുന്നതാണോ എന്ന് വാർഡ് ക്ലർക്ക്മാർ വഴി ഫീൽഡ് പരിശോധ നടത്തി ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**1-12-3 വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു**

പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 1609169/- രൂപ (തൻവർഷ കുടിശ്ശിക 398826/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1210343/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/15.07.2023) മുൻവർഷങ്ങളിലെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ 42871 രൂപ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് കുടിശ്ശിക ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ കുടിശ്ശിക കാലഹരണപ്പെട്ടാൽ സെക്രട്ടറി/ഉദ്യോഗസ്ഥന്മാർ 243(3) വകുപ്പ് പ്രകാരം പിഴ പലിശ സഹിതം തുക ഒടുക്കുവാൻ ബാധ്യസ്ഥരാകുന്നതാണ്.

**1-13-0 ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ സംബന്ധിച്ച്.**

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 5എ), 12,13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചാൽ പ്രസ്തുത സ്ഥാപനങ്ങൾ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്. കൂടാതെ ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പ്രകാരം ലൈസൻസ് ലഭ്യമാകുന്നതിനുള്ള അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി ആയത് സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

തൻവർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും സെക്രട്ടറിയുടെ അംഗീകാരവും ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. കൂടാതെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്ന എല്ലാവരും ആയത് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കാൻ ആവശ്യമായ സൈറ്റ്

വെരിഫിക്കേഷൻ നടത്തിയിട്ടുമില്ല. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള പലരും തൻവർഷം ലൈസൻസ് എടുത്തിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/19-7-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-13-1 സ്ഥലപരിശോധന റിപ്പോർട്ട്, സെക്ഷൻ ക്ലാർക്കിന്റെ അഭിപ്രായം, സെക്രട്ടറിയുടെ അഭിപ്രായം എന്നിവ രേഖപ്പെടുത്തിയിട്ടില്ല**

സ്ഥലപരിശോധന റിപ്പോർട്ട്, സെക്ഷൻ ക്ലാർക്കിന്റെ അഭിപ്രായം, സെക്രട്ടറിയുടെ അഭിപ്രായം, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | ലൈസൻസ് നം. |
|---|---|---|
| 1 | Sabin Sunny, Kanjirathinkal Veedu | A3-1372/2022/83 |
| 2 | Sanal M S, Marutholil Veedu | A3-1373/2022/86 |
| 3 | Viswanthan | A3-/2022/29/82 |
| 4 | Secretary ,Nandhanam Kudumbasree Janakeeya Hotel | A3-1794/2022/81 |
| 5 | Dr. Subhodh C | A3-1897/2022/79 |
| 6 | C Karunaprakash | A3-1898/2022/80 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മറ്റ് ഭൂരിപക്ഷം അപേക്ഷകളും ഇതേ അവസ്ഥയിൽ തന്നെയാണ് ഉള്ളത്. ഇത്തരത്തിൽ ആവശ്യമായ പരിശോധനകൾ നടത്താതെ ലൈസൻസ് അനുവദിക്കുന്നത് ഭാവിയിൽ ഗുരുതരമായ ചട്ടലംഘനങ്ങൾക്ക് കാരണമാകുന്നതാണ്.

**1-13-2 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു.**

തൻവർഷം ലഭിച്ച് അപേക്ഷകളിൽ പലതിലും മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത ലൈസൻസ് അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്. | ലൈസൻസ് നം. |
|---|---|
| Sabin Sunny, Kanjirathinkal Veedu | A3-1372/2022/83 |
| Sanal M S, Marutholil Veedu | A3-1373/2022/86 |
| Viswanthan | A3-/2022/29/82 |
| Secretary ,Nandhanam Kudumbasree Janakeeya Hotel | A3-1794/2022/81 |
| Dr. Subhodh C | A3-1897/2022/79 |

മേൽസൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മറ്റ് ഭൂരിപക്ഷം അപേക്ഷകളും ഇതേ അവസ്ഥയിൽ തന്നെയാണ് ഉള്ളത്. ഇപ്രകാരം മൂലധന നിക്ഷേപം രേഖപ്പെടുത്താതെയും ആയത് പരിശോധന നടത്തി ഉറപ്പിക്കാതെയും ലൈസൻസുകൾ നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഫീസ് ഇനത്തിൽ വ്യത്യാസം സംഭവിക്കുന്നു. കൂടാതെ വലിയ സ്ഥാപനങ്ങൾക്കും ചെറിയ സ്ഥാപനങ്ങൾക്കും ഒരേ ഫീസ് ഈടാക്കുന്നത് സാമൂഹ്യ നീതിക്ക് നിരക്കുന്നതുമല്ല. ആയതിനാൽ അപേക്ഷകളിൽ

മൂലധനം കൃത്യമായി രേഖപ്പെടുത്തുകയും ലൈസൻസ് ഫീസ് ചട്ടങ്ങളിലെ പട്ടിക II (31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയത്) പ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

**1-13-3 മുൻവർഷം ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.**

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (ഭേദഗതി വരുത്തിയത്) പ്രകാരം മുൻവർഷം (2021-22) ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. എന്നാൽ ടി സ്ഥാപന ഉടമകൾക്ക് നോട്ടീസ് അയക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ലൈസൻസ് ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര്, ഇനം | മുൻവർഷം അടവാക്കിയ ലൈസൻസ് തുക |
|---|---|---|---|
| 1 | 8/230 Faisal Rahman Y | Faisal Store , Grocery Store | 500 |
| 2 | Vijaya Dev N V | Novel Deal (Food Products) Manthakkad | 500 |
| 3 | Muralidharan A | Kavitha Hotel, Near Fantassy Park | 500 |
| 4 | M Suresh Kumar | Nandhanam Fancy And Gift House, Manthakkad | 500 |
| 5 | Jijin P Biju | E Tech Malampuzha, Packed Soft Drinks | 500 |
| 6 | Sanju Shaji | St. Antony Sabari Store, Anakkal – Grocery Shop | 500 |
| 7 | Krishnadas P | Vinayaka Two Wheeler Workshop | 500 |
| 8 | Sudharsan K K | The Designer Building Solutions, Malampuzha | 500 |
| 9 | Bijoy Peter | Evershine Engineering Works, Malampuzha | 1000 |
| 10 | Ashraf T S | Spice Restaurant | 500 |
| 11 | Mainikandan S | M.K Industries , Kadukkamkunnu | 500 |
| 12 | A Komalavally | Modi Care Depot, Manthakkad | 500 |
| 13 | Mayadevi M | Fancy, Gift House, Kadukkamkunnu | 500 |
| 14 | Baby Priya K | Life Care Nutrition Centre, Olavakkode | 500 |
| 15 | Saddham S | Wi Fi Mobiles , Manthakkad | 500 |

| | | | |
|---|---|---|---|
| | | ലൈസൻസ് ഫീസ് ഈടാക്കാത്തത് | 8000 |

മേൽസൂചിപ്പിച്ച സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഏത് ആവശ്യത്തിനും ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ആയതിന്റെ ചട്ടങ്ങളിലെ ചട്ടം7 പ്രകാരം ലൈസൻസിനുള്ള ഫീസുകളും നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ മുൻവർഷം ലൈസൻസ് എടുക്കുകയും തൻവർഷം (2022-23ൽ) ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. അതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ലൈസൻസ് ഫീസ് ഈടാക്കാത്തതുമൂലം തനത് വരുമാനത്തിൽ കുറവ് വന്ന തുക പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 243(2) വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി സ്വീകരിക്കാതെ തുക ലാപ്സായി പോകുന്ന പക്ഷം കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 243(3) വകുപ്പ് പ്രകാരം ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കുന്നതാണ്. നടപടി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

**1-14 എ.ബി.സി .പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

പ്രോജക്റ്റ് നം - 193/23

അടങ്കൽ- 450000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - ബിൽ നം 22/13.1.23- 450000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2022-23 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി അവയെ ആവാസ കേന്ദ്രത്തിൽ നിന്നും പിടികൂടുന്നതിനും ശസ്ത്രക്രിയയ്ക്കുശേഷം സംരക്ഷിച്ച് അവയെ അതത് പ്രദേശങ്ങളിൽ തിരികെ കൊണ്ടു വിടുന്നതുമായ എബിസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 450000 രൂപ വകയിരുത്തി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (6/12.07.23)

**1-15 റൂം ഫോർ റിവർ പദ്ധതി - പദ്ധതി പുരോഗതി, വിനിയോഗ വിവരങ്ങൾ ലഭ്യമല്ല**

റൂം ഫോർ റിവർ പദ്ധതിക്കായി ഭാരത പുഴയിലേയും അതിന്റെ കൈവഴികളായ പുഴകളിലും അടിഞ്ഞുകൂടിയ ചളി മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് മലമ്പുഴ ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം പ്രൊജക്ട് വച്ച് എക്സി ക്യൂട്ടീവ് എഞ്ചിനീയർ ചെറുകിട ജലസേചന വിഭാഗം, പാലക്കാടിന് തുക നൽകിയിട്ടുണ്ട് .വിശദവിവരം താഴെ കൊടുക്കുന്നു

പ്രോജക്റ്റ് നം - 160/23

അടങ്കൽ- 500000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - ബിൽ നം 21/16.1.23- 500000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കരാർ നം 4/2022-23 തീയതി 17.03.2023

ചെറുകിട ജലസേചന വിഭാഗവുമായി കരാർ വച്ചത് 17.03.2023 ലാണ്.പ്രസ്തുത പ്രവൃത്തി 31.03.2023 നകം പൂർത്തികരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനു മുൻപുതന്നെ 07.03.2023 തിയ്യതിയിലെ D1/EC5/RFR/2022(5) കത്ത് പ്രകാരം തുക 500000/- പൂർണ്ണമായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.03.23 തിയ്യതിയിലെ DDP-PKD/913/2021-A4 കത്തിലെ നിർദേശമനുസരിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ചെയർമാനായും ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, വില്ലേജ് ഓഫീസർ, MGNREGS അക്രിഡിറ്റഡ് എഞ്ചിനീയർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി മോണിറ്ററിംങ്ങ് കമ്മിറ്റി രൂപീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട് . ഭാരതപുഴയുടെ കൈവഴിയായ കൽപാത്തി പുഴയുടെ ഏതൊക്കെ ഭാഗങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഫലപ്രദമായി പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന പ്രവൃത്തി പുരോഗതി വിവരവും മോണിറ്ററിംങ്ങ് കമ്മിറ്റി തീരുമാനം, മിനിട്സ് എന്നിവയും ഓഡിറ്റിനു ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം 7/13.07.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഫലപ്രാപ്തി കൈവരിച്ചതും മോണിറ്ററിംഗ് നടത്തിയതുമായ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ പ്രവൃത്തി പുരോഗതി-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

മലമ്പുഴ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ ഒന്നു മുതൽ നാലു വാർഡുകൾ ഒഴികെയുള്ള ബാക്കി 9 വാർഡുകളിൽ 105 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും അടവാക്കുകയും ചെയ്യുന്നുണ്ട്. ആയതിൽ പല പൊതു ടാപ്പുകളും പ്രവർത്തനക്ഷമമല്ല. പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾക്കും വെള്ളക്കരം അടവാക്കുന്ന സാഹചര്യം നിലവിലുള്ളതിനാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് മലമ്പുഴ ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ചേർന്നുള്ള സംയുക്ത പരിശോധന നടത്തിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ 32 പൊതു ടാപ്പുകൾ നിലനിർത്തി 73 പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിന് 2022-23വർഷം പ്രൊജക്ട് വച്ച് കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറി നൽകിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം - 70/23

അടങ്കൽ- 100000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - ബിൽ നം 24/09.02.23- 100000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കരാർ നം 7/2022-23 തീയതി 17.03.2023

മേൽ സൂചിപ്പിച്ച പ്രകാരം ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് തുക കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയെങ്കിലും വാട്ടർ അതോറിറ്റി പ്രവൃത്തി തുടങ്ങിയിട്ടില്ല. 105 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം ഗ്രാമ പഞ്ചായത്ത് നിലവിൽ അടച്ചുവരുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം8/13.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 73 പൊതു ടാപ്പുകൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും അധികമായി അടച്ച വെള്ളക്കരം ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 തെരുവുവിളക്ക് പരിപാലനം-അവലോകനം

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു

സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ആകെ 1752518/-രൂപ (പതിനേഴു ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി പതിനെട്ട് രൂപ) കെ.എസ്.ഇ.ബി മലമ്പുഴ , ഇലക്ട്രിക്കൽ സെക്ഷനിൽ ആകെ അടവാക്കിയിട്ടുണ്ട്.ഓഡിറ്റ് കാലയളവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ, തെരുവുവിളക്ക് റിപ്പയറിംങ്ങ് ,സ്ട്രീറ്റ് ലൈൻ എക്സറ്റൻഷൻ എന്നിവയ്കായി താഴെ പറയുന്ന ചെലവുകൾ ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 1 | 149/23ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ( വാർഡ്13) | 124000/- | 120541/- | CFC |
| 2 | 146/23 തെരുവുവിളക്ക് റിപ്പയർ | 700000/- | 141199/- | CFC |
| 3 | 49/23SOവിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സറ്റൻഷൻ | 765148/- | 763106/- | CFC |
| 4 | 198 /23മാന്തുരുത്തി മുതൽ പന്നിഫാം വരെയുള്ള സ്ട്രീറ്റൈലൻ എക്സറ്റൻഷൻ | 100000/- | 99120/- | വികസന ഫണ്ട് ജനറൽ |
| | | | 1123966/- | |

തെരുവുവിളക്കു പരിപാലനം ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ചുമതലയാണെന്നിരിക്കെ തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിലും തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ , ലൈൻ വലിക്കൽ , പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തിന് വലിയൊരു തുക ചെലവു വരുന്നുണ്ട് .

ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്കു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 14/17-7-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ പരിപാലനം ഇനത്തിൽ തുക ചെലവഴിക്കുന്നത് എന്നാണ് ന്യായമായും കരുതാവുന്നത്. ആവശ്യമായ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തുടർനടപടി ഉണ്ടാകേണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്.

ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . പഞ്ചായത്തിലെ തെരുവിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ വിവരം ഓഡിറ്റ് പരിശോധനക്കു ലഭ്യമായിട്ടില്ല. എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിംങ്ങ് ആക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മാലിന്യ നിർമ്മാർജന പ്രവൃത്തികൾ -ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല

മാലിന്യ നിർമ്മാർജന പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 വർഷം 1 മുതൽ 13 വരെയുള്ള വാർഡുകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ MCFൽ എത്തിക്കുകയും ആയത് തരം തിരിച്ച് 13.05.2022 ലെ 7/1 ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓറിയോ ഇൻഡസ്ട്രീസ് പ്ളാസ്റ്റിക്ക് റീസൈക്ളിംങ്ങ് യൂണിറ്റ് പാറ , എലപ്പുള്ളിക്ക് നൽകിയിട്ടുമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ചെലവ് തുക |
|---|---|---|---|---|---|
| 1 | 207/23മാലിന്യ നിർമ്മാർജന പദ്ധതി | 375/30.03.2023 | 113692/- | 1321465/- | 345045/- |
| 2 | | 378/30.03.2023 | 95353/- | | |
| 3 | | 377/30.03.2023 | 8800 | | |
| 4 | | 379/30.03.2023 | 14400 | | |
| 5 | | 380/30.03.2023 | 12000/- | | |
| 6 | | 381/30.03.2023 | 9600/- | | |
| 7 | | 382/30.03.2023 | 19200/- | | |
| 8 | | 383/30.03.2023 | 8800/- | | |
| 9 | | 384/30.03.23 | 12000/- | | |
| 10 | | 365/30.03.23 | 51200/- | | |
| | ആകെ | | 345045/- | | |

ക്രമ നം 1 പ്രകാരം 19/05/22മുതൽ21/05/22 വരെയും ക്രമ നം 2 പ്രകാരം 20/05/22 മുതൽ 25/05/2022 ഹരിത കർമ്മസേന ശേഖരിച്ച തരം തിരിക്കാത്തതും പുനരുപയോഗിക്കാൻപറ്റാത്തതുമായ മാലിന്യങ്ങൾ (Rejected Waste) നീക്കം ചെയ്തതിന് ഓറിയോ ഇൻഡസ്ട്രീസ് ന് തുക നൽകിയിട്ടുണ്ട്. ക്രമ നം 3 മുതൽ ക്രമ നം 10 വരെയുള്ള ബില്ലുകൾ പ്രകാരം വിവിധ വാർഡുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് കൊണ്ടുവരുന്നതിന് വാഹന വാടക നൽകിയിരിക്കുന്നു.

2022-23 വർഷത്തിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും വിവിധ വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യം കൊണ്ടുവരുന്നതിനുള്ള വാഹന വാടക നൽകുന്നതിനായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. ഓറിയോ ഇൻഡസ്ട്രീസുമായി കരാറിൽ ഏർപ്പെട്ട വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേന 1 മുതൽ 13 വരെയുള്ള വാർഡുകളിൽ നിന്ന് മാലിന്യം ശേഖരിക്കുകയും ഇനം തിരിച്ച് സൂക്ഷിക്കുയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യാത്ത സ്ഥിതി വിശേഷം സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു.ചിത്രം ചുവടെ ചേർക്കുന്നു.





സർക്കാർ അംഗീകൃത ഏജൻസിയായ ക്ളീൻ കേരള കമ്പനിയുടെ സാധ്യത ഉപയോഗപ്പെടുത്താത്തതും ടെണ്ടർ നടപടി സ്വീകരിക്കാതെ, കരാർ വക്കാതെ

ഓറിയന്റൽ ഇൻഡസ്ട്രീസിനെ മാലിന്യ നിർമ്മാർജനത്തിന് ചുമതലപ്പെടുത്തിയതും, കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യാത്ത പ്രവൃത്തി സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി (എൻക്വയറി നം15/19.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മാലിന്യ നിർമ്മാർജന പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ഗാർഹിക ബയോ കമ്പോസ്റ്റ് ബിൻ -വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല**

2022-23 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം IRTCയിൽ നിന്ന് 145 എണ്ണം ഗാർഹിക ബയോ കമ്പോസ്റ്റ് യൂണിറ്റ് 1607 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം B213348/06.12.22)

വിശദവിവരം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

പ്രൊജക്ട് അടങ്കൽ-261000/-(10%-ഗു.വി)

ചെലവ്-261000/-

ബിൽ നം ,തുക-253/04.07.22,/-261000/- രൂപ

മേൽപറഞ്ഞ തുകക്കുള്ള ഗാർഹിക ബയോ കമ്പോസ്റ്റ് ബിൻ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി
(എൻക്വയറി നം16/19.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകൾ ലഭ്യമാക്കുന്നതുവരെ തുക 261000/-തടസ്സപ്പെടുത്തുന്നു.

**1-20 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം-പ്രവർത്തനം സംബന്ധിച്ച്.**

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്ട് വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

പ്രൊജക്ട് അടങ്കൽ-204900/-CFC

ചെലവ്-204900/-

ബിൽ നം , തുക

1) 201/14.02.2023-142900/-

2) 202/14.02.23- 62000/-

മേൽപറഞ്ഞ ബിൽ തുക കെൽട്രോൺ ന് കൈമാറിയിട്ടുണ്ട്. കെൽട്രോണുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ വച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ നിർവഹണത്തിനായി തുക ചെലവഴിച്ച വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട്, മൊബൈൽ ആപ്പ് പ്രവർത്തനം തുടങ്ങിയ വിവരം , ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ , ഓഫീസിലേക്ക് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കിയ വിവരം, QRകോഡ് എല്ലാ വാർഡുകളിലും സ്ഥാപിച്ച വിവരം, ഹരിത കർമ്മസേനക്ക് പരിശീലനം നൽകിയ വിവരം എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 18/19.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് ലക്ഷ്യ പ്രാപ്തി കൈവരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 അഗതികേരളം പ്രൊജക്ട് - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല**

2022-23സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണം നടത്തിയ പ്രൊജക്ടിൽ അഗതി കേരളത്തിനായി ഭക്ഷ്യധാന്യകിറ്റ് നൽകുന്നതിനായി മലമ്പുഴ കോ-ഓപ്പറേറ്റീവ് സ്റ്റോറിലേക്ക് തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

പ്രൊജക്ട് അടങ്കൽ-600000/-

ചെലവ്-600000/-

ബിൽ നം ,തുക-334/28.03.23 , 600000/- രൂപ

ജനറൽ , എസ് സി, എസ്.ടി വിഭാഗത്തിൽപ്പെട്ട ആശ്രയ ഗുണഭോക്താക്കൾക്ക് കുടുംബാംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് 500, 700, 900/- രൂപയുടെ ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് നൽകുന്നതിനാണ് തുക മലമ്പുഴ കോ-ഓപ്പറേറ്റീവ് സ്റ്റോറിലേക്ക് നൽകിയിരിക്കുന്നത്. ലഭ്യമായ രേഖകളിൽ സെപ്റ്റംബർ 2022 മുതൽ ഡിസംബർ 2022 വരെ നാലു മാസങ്ങളിലായി വിതരണം ചെയ്യാനുദേശിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഇൻവോയ്സ് ലഭ്യമാണ്. മേൽ പറഞ്ഞ പ്രൊജക്ട് നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

മലമ്പുഴ കോ-ഓപ്പറേറ്റീവ് സ്റ്റോറിലേക്ക് നൽകിയ തുകക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. അതിനാൽ എത്ര ആശ്രയ ഗുണഭോക്താക്കൾക്ക് ഏതൊക്കെ മാസങ്ങളിലാണ് വിതരണം നടത്തിയത് എന്ന് വ്യക്തമല്ല. പഴയ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതും നിലവിൽ ആശ്രയ ഗുണഭോക്താവാകാൻ അർഹതയില്ലാത്തവരുമായവരുടെ വിവരംഎന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി
(എൻക്വയറി നം 17/19.07.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മലമ്പുഴ കോ-ഓപ്പറേറ്റീവ് സ്റ്റോറിലേക്ക് തുക നൽകിയതിന് ശേഷം ഭക്ഷ്യ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കാത്തതിനാൽ ചെലവു തുക 600000/- തടസ്സപ്പെടുത്തുന്നു.

**1-22 യാത്ര ബത്ത അനുവദിച്ചത് ക്രമ പ്രകാരമല്ല- തുക നിരാകരിക്കുന്നു**

മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഓഫീസ് ജീവനക്കാരുടെ യാത്രാ ബത്ത നൽകുന്നതിന് മലമ്പുഴ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് തുക 94900/- (Cheque No 80238 , 22.07.22) പിൻവലിച്ചിട്ടുണ്ട്.

| വൗച്ചർ നം | തിയ്യതി | തുക |
|---|---|---|
| 306 | 22.07.22 | 3750 |
| 307 | 22.07.22 | 86630 |
| 308 | 22.07.22 | 4520 |
| Total | | 94900 |

കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ53 B(6)അനുസരിച്ച് യാത്രാബത്ത അർഹമായ അർഹമായ തിയതി മുതൽ (യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്തമാസം ഒന്നാം തിയ്യതി മുതൽ) ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കണം(KSR VOLUME 1 ,PART 2 ചട്ടം 5A) കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ56 B(2),അനുസരിച്ച് അർഹമായ തിയ്യതി മുതൽ 2 വർഷത്തിനകം തുക മാറിയിരിക്കണം. രണ്ടു വർഷത്തിനുശേഷം മാറാണമെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനനുസൃതമല്ലാതെ മേൽ പറഞ്ഞ ബില്ലുകളിൽ നിന്ന് 2 വർഷത്തിനുശേഷം മാറിയ

യാത്രാ ബത്തയുടെ വിവരം താഴെ കൊടുക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പേര് , തസ്തിക | യാത്ര നടത്തിയ ദിവസം | TAബിൽ മാറിയതിയ്യതി | വൗച്ചർ നം,തിയ്യതി | തുക |
|---|---|---|---|---|
| നബിൽ ബാബു ഹെഡ് ക്ളാർക്ക് | 02/06/20-06/06/20 | 22/07/22 | 307/22.07.22 | 1600 |
| | 08/06/20-09/06/20 | 22/07/22 | 307/22.07.22 | 640 |
| | 16/06/2020 | 22/07/22 | 307/22.07.22 | 320 |
| | 19/06/20 | 22/07/22 | 307/22.07.22 | 320 |
| | 05/05/2020 | 22/07/22 | 307/22.07.22 | 320 |
| | 19/05/2020 | 22/07/22 | 307/22.07.22 | 320 |
| | 25/05/20 | 22/07/22 | 307/22.07.22 | 320 |
| | 09/07/20 | 22/07/20 | 307/22.07.22 | 320 |
| സിമി സോമരാജൻ | 07/05/20 | 22/07/22 | 307/22.07.22 | 320 |
| ചന്ദ്ര മോഹൻ | 15/05/20 | 22/07/22 | 307/22.07.22 | 320 |
| | 19/05/20 | 22/07/22 | 307/22.07.22 | 320 |
| | 15/04/20 | 22/07/22 | 307/22.07.22 | 320 |
| | 16/04/20 | 22/07/22 | 307/22.07.22 | 320 |
| | 24/04/20 | 22/07/22 | 307/22.07.22 | 320 |
| മുഹമദ് സക്കീർ | 08/06/20 | 22/07/22 | 307/22.07.22 | 250 |
| സുജാത.വി | 24/06/20 | 22/07/22 | 307/22.07.22 | 250 |
| | 01/07/20 | 22/07/22 | 307/22.07.22 | 250 |
| | 03/07/20 | 22/07/22 | 307/22.07.22 | 250 |
| | 08/07/20 | 22/07/22 | 307/22.07.22 | 250 |
| വിമല കുമാരി | 16/07/20 | 22/07/22 | 307/22.07.22 | 320 |
| | | | | 7650 |

മേൽപറഞ്ഞ ജീവനക്കാരുടെ യാത്രബത്ത യാത്ര നടത്തിയ തിയ്യതി മുതൽ 2വർഷത്തിനകം പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അംഗീകരിച്ചശേഷവും ക്രമപ്രകാരമല്ലാതെ മാറിയതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമല്ലാതെ ക്രമരഹിതമായി മാറിയ യാത്രാ ബത്ത തുക 7650/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

**1-23 യാത്ര ബത്ത നൽകിയത് ക്രമ പ്രകാരമല്ല-തുക തടസ്സപ്പെടുത്തുന്നു**

മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഓഫീസ് ജീവനക്കാരുടെ യാത്രാ ബത്ത നൽകുന്നതിന് മലമ്പുഴ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് തുക 94900/- (Cheque No 80238,22.07.22) പിൻവലിച്ചിട്ടുണ്ട്. KSR VOLUME 1 ,PART 2 ചട്ടം 57 അനുസരിച്ച് ആസ്ഥാനത്ത് നിന്ന് 8km അധികമുള്ള ഒദ്യോഗിക യാത്രകൾക്ക് യാത്രാ ബത്ത നൽകാം. 6മണിക്കൂർ യാത്രാ സമയം അധികരിക്കുന്ന പക്ഷം ദിന ബത്ത യാത്രാബത്തയായി നൽകാവുന്നതാണ്. അതു പ്രകാരം യാത്രാ ബത്ത വാങ്ങിയ ജീവനക്കാർ അംഗീകരിച്ച ടൂർ ഡയറിയിൽ 10AM മുതൽ 5PMവരെയുള്ള സമയം ആസ്ഥാനത്തു നിന്ന് വിട്ടു നിന്നതായി കാണിച്ചിട്ടുണ്ടെങ്കിലും അറ്റൻഡന്റ്സ് രജിസ്റ്ററിൽ ഓഫീസിൽ ഹാജരായതായി കാണിച്ചിട്ടുണ്ട്.മൂവ്മെന്റ് രജിസ്റ്ററിൽ പല യാത്രകളും 6മണിക്കൂറിൽ താഴെ മാത്രമേ

കാണിച്ചിട്ടുള്ളു. താഴെപറയുന്ന മാസങ്ങളിലെ യാത്രക്കാണ് പ്രധാനമായും യാത്രാ ബത്ത വാങ്ങിയിരിക്കുന്നത്.

| ക്രമ നം | ടൂർ കാലയളവ് | തുക |
|---|---|---|
| 1 | 10/2021-03/2022 | 41690/- |
| 2 | 04/2020-09/2020 | 11320/- |
| 3 | 04/2021-09/2021 | 21075/- |
| 4 | 10/2020-03/2021 | 17065/- |
| | TOTAL | 91150 |

ക്രമ നം 1 പ്രകാരം യാത്ര ബത്ത വാങ്ങിയ മാസങ്ങളിൽ ആസ്ഥാനത്തു നിന്ന് 6മണിക്കൂർ വിട്ടു നിന്നതായി യാത്ര ബില്ലിൽ കാണിക്കുകയും ഓഫീസ് അറ്റൻഡൻസ് ബുക്കിൽ ഓഫീസിൽ ഹാജരായതായി രേഖപ്പെടുത്തുകയും മൂവ്മെന്റ് രജിസ്റ്ററിൽ ചില തിയ്യതികളിൽ 6 മണിക്കുറിൽ താഴെ യാത്ര കാണിക്കുകയും ചെയ്ത് യാത്രാ ബത്ത വാങ്ങുന്നത് ക്രമ പ്രകാരമല്ല.ഉദാഹരണം താഴെ കൊടുക്കുന്നു

| ജീവനക്കാരുടെ പേരു വിവരം | യാത്ര ചെയ്ത ദിവസങ്ങൾ | റിമാർക്സ് | ആകെ നൽകിയ തുക | വൗച്ചർ നം/ തിയ്യതി |
|---|---|---|---|---|
| നസീർ.പി.എ ക്ളാർക്ക് | 13/10/2021<br>29/12/21 | 500/-രൂപ പ്രകാരം | 1000 | 307/22.07.22 |
| വിമല കുമാരി .സി സീനിയർ ക്ളാർക്ക് | 22/10/21<br>23/10/21<br>18/12/21<br>30/12/21 | 500/-രൂപ പ്രകാരം | 2000 | 307/22.07.22 |
| ജസീല .പി.എം അക്കൗണ്ടന്റ് | 26/10/21<br>30/12/21 | 500/-രൂപ പ്രകാരം | 1000 | " " |
| സിമി സോമരാജൻ ഹെഡ് ക്ളാർക്ക് | 29/11/21 | 500/-രൂപ പ്രകാരം | 500 | 307/22.07.22 |
| വിഷ്ണുദാസ്.പി ക്ളാർക്ക് | 19/10/21,<br>01/11/21<br>04/12/21,<br>10/12/21<br>05/01/22, 02/02/22<br>11/02/22, 18/02/22<br>25/02/22 , 11/03/22<br>15/03/22 | 350/-രൂപ പ്രകാരം | 3850 | 307/22.07.22 |
| അഖിൽ ടെക്നിക്കൽ അസിസ്റ്റന്റ് | 13/10/21, 18/12/21<br>03/02/22,<br>05/02/22<br>11/02/22,<br>18/02/22<br>24/02/22 | 350/-രൂപ പ്രകാരം | 2450 | 307/22.07.22 |
| സുജാത.വി.OA | 2021ഒക്ടോബർ 8,12,16,21,25,26തിയ്യതികളിൽ | 350/-രൂപ പ്രകാരം | 350x26=9100<br>175x10=1750 | 307/22.07.22 |

| | | | | |
|---|---|---|---|---|
| | 2021നവംബർ (5,8,20,24,26) 2021 ഡിസംബർ (1,2,14,17) 2021ജനുവരി 1,12,17,19, 2021 ഫെബ്രുവരി (1,2,10,16,24,26) 2021മാർച്ച് (5,7,9,10,14,16,17,18,21,22,27) | പഞ്ചായത്ത് വാഹനത്തിൽ പോകുമ്പോൾ 175 പ്രകാരം | 10850 | |
| ലിക്സൺ.എ | 18/11/21 | 500/-രൂപ പ്രകാരം | 500 | 307/22.07.22 |
| കണ്ണൻ.എൻ.കെ ഹെഡ് ക്ളാർക്ക് | 11/01/23, 02/03/22 04/03/22, 05/03/22 07/03/22 | 500/-രൂപ പ്രകാരം | 2500 | 307/22.07.22 |
| സനിൽകുമാർ..എസ് | 22/01/22 | 500/-രൂപ പ്രകാരം | 500 | 307/22.07.22 |
| റിഷിൽ,ക്ളാർക്ക് | 05/03/22 | 350/- രൂപ പ്രകാരം | 350 | 307/22.07.22 |
| | | | 25500 | |

മറ്റു മാസങ്ങളിലും ഇതേ അവസ്ഥ നിലനിൽക്കുന്നു. മേൽപറഞ്ഞ ജീവനക്കാരുടെ യാത്രബത്ത ക്രമപ്രകാരമല്ലാതെ മാറിയതിനു വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/20.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി രേഖാമൂലം ലഭ്യമാക്കാത്തതിനാൽ തുക 25500/-തടസ്സപ്പെടുത്തുന്നു.

**1-24 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി വകയിരുത്തിയ ഫണ്ട് അപര്യാപ്തമാണ്**

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകൽ എന്ന പ്രോജക്ടിനായി താഴെ സൂചിപ്പിക്കുന്ന ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| ബിൽ നം. /തീയ്യതി | തുക |
|---|---|
| 1/2022-23/ 14-3-23 | 922501 |
| 2/2022-23/ 21-3-23 | 12324 |
| 3/2022-23/ 27-3-23 | 182909 |
| 4/2022-23/ 27-3-23 | 12289 |
| 5/2022-23/ 29-3-23 | 3262 |
| ആകെ | 1133285 |

അകത്തേത്തറ ക്ഷീരോൽപാദക സഹകരണ സംഘം, വലിയകാട് ക്ഷീരോൽപാദക സഹകരണ സംഘം, കവ ക്ഷീരോൽപാദക സഹകരണ സംഘം എന്നീ മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ക്ഷീര കർഷകർക്ക് പാൽ അളന്നതിന് സബ്സിഡി തുകയായിട്ടാണ് മേൽസൂചിപ്പിച്ച സംഖ്യ അനുവദിച്ചു നൽകിയിട്ടുള്ളത്. ലിറ്ററിന് മൂന്ന് രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്.

എന്നാൽ മേൽ തുകകൾ 2022 ഏപ്രിൽ മാസം മുതൽ 2022 നവംബർ മാസം 15ാം തീയതി വരെ പാൽ അളന്നതിനാണ് നൽകിയിട്ടുള്ളത്. മറ്റ് മാസങ്ങളിൽ മിൽക്ക് ഇൻസെന്റീവ് നൽകാത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ മാസങ്ങളിലും ഇൻസെന്റീവ് നൽകുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**1-25 മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചപ്പോൾ 01-02-2012 തീയതിയിലെ സ.ഉ(പി)നം.13/2012/PWD പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും കാണുന്നു.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തിയുടെ കാലദൈർഘ്യം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട് കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പ്രവൃത്തികളിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

വിശദ വിവരം ചുവടെചേർക്കുന്നു.

1. ചൈതന്യ നഗർ കോളനി റോഡ് റീ ടാറിങ്ങ്

| 1)പ്രൊ.നം.30/23<br>ചൈതന്യ നഗർ കോളനി റോഡ് റീ ടാറിങ്ങ് | |
|---|---|
| അടങ്കൽ - | 286000 (MG Road-260000 + CFC -26000) |
| PAC- | 231648/- |
| കരാറുകാരൻ - | ശ്രീ.ഫിലിപ്പ്.ടി.ടി |
| സാങ്കേതികാനുമതി | T.S-LSGD/TS/21-22/44707/13.09.21 |
| എഗ്രിമെന്റ് നം.: | 20/21-22/AE/LSGD/MPZA/22.12.21 |
| ബിൽ / വൗച്ചർ നം.നം. | SO. 63/30.09.22 – 2,60,000/ |
| എം.ബുക്ക് നം. | 48/2021-22 |
| | |

| | | | |
|---|---|---|---|
| പൂർത്തീകരിക്കേണ്ട തീയ്യതി | 21.06.22 | | |
| പൂർത്തീകരിച്ച തീയ്യതി | 03.09.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 6949 | 2753 | 4196 |

2. നായർതറ റോഡ് ടാറിങ്ങ്

| 1)പ്രൊ.നം.31/23 നായർതറ റോഡ് ടാറിങ്ങ് | | | |
|---|---|---|---|
| അടങ്കൽ - | 2,86,000 (MG Road-260000 + CFC -26000) | | |
| PAC- | 2,31,469/- | | |
| കരാറുകാരൻ - | ശ്രീ.ഫിലിപ്പ്.ടി.ടി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/21-22/31736/25.09.21 | | |
| എഗ്രിമെന്റ് നം.: | 20/21-22/AE/LSGD/MPZA/22.12.21 | | |
| ബിൽ / വൗച്ചർ നം.നം. | SO. 65/30.09.22 – 2,60,000/ | | |
| എം.ബുക്ക് നം. | 40/2021-22 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 21.06.22 | | |
| പൂർത്തീകരിച്ച തീയ്യതി | 31.08.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 6944 | 2860 | 4084 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.07.23) മറുപടിയായി കരാറുകാരിൽ നിന്നും പിഴ ഈടാക്കി തനത് ഫണ്ടിൽ അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പിഴയിനത്തിലുള്ള തുക ₹ 8280/- (4196+4084) കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-26 മരാമത്ത് പണികൾ- PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% OH ഉം 10% CP ഉം നൽകുന്നു.**

പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമങ്ങൾക്ക് താഴെ പറയുന്ന ചട്ടങ്ങളും ഉത്തരവുകളും ബാധകമാണ്.

1. 1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

2. 01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.

3. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ

പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

4. 17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി.

5. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

6. 24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു.

7. 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

8. 29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ് ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) 10% OH ഉം 10% CP ഉം നൽകുന്നു.**

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അനുവദിക്കുന്നത് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

**2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു**

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/12.07.23) മറുപടിയായി ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

## 1-27 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ

സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം. നം. 05/12.07.23)

## 1-28 സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രോജക്ട് നം. SO 42/2023ചേമ്പന അടുപ്പ് കോളനി റോഡ് കോൺക്രീറ്റിംഗ് (Spill Over)

അടങ്കൽ - 3,56,000/-

ചെലവ്- 3,56,000/-

കരാറുകാരൻ- സേവിയർ ജോർജ്

കരാർ നം. 12/21-22/AE/LSGD/MPZA Dat.16.12.21

പണി പൂർത്തിയാക്കേണ്ട തിയതി- 15.06.22

പണി പൂർത്തിയാക്കിയത്- 09.12.2022

01-02-2012 തീയതിയിലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരമുള്ള പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2102.1. പ്രകാരം കരാറിൽ ഏർപ്പെട്ട് 10 ദിവസത്തിനകം കരാറുകാരൻ വർക്ക് സൈറ്റ് ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം മേൽ പ്രവർത്തിയുടെ സൈറ്റ് ഹാന്റ് ഓവർ ചെയ്തിരിക്കുന്നത് 17.10.2022 തീയതിയിലാണ്. അതായത് കരാറിൽ ഏർപ്പെട്ട് 10 മാസത്തിന് ശേഷമാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തിരിക്കുന്നത് . അസിസ്റ്റന്റ് എഞ്ചിനീയറുടെ 18.05.22 തിയതിയിലെ കരാറുകാരനുള്ള കത്ത് No.01/2022-23/AE/LID & EW/MPZA പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിയാറായതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി തുടങ്ങാനും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണവും കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയും ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 17.10.22 തിയതിയിലെ ഉത്തരവ് നം. ജി 2-620/2022 പ്രകാരം ചേമ്പന അടുപ്പ്കോളനി റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് എൻ.ഒ.സി ലഭിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തി ആവിഷ്കരിക്കുന്നതിനുമുമ്പായി സൈറ്റ് പരിശോധിച്ച് ഫോറസ്റ്റ് വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനായി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും അനുമതിക്കായി അപേക്ഷിച്ചതായി കാണുന്നില്ല. സൈറ്റ് പരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മറ്റ് വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കാതെ പ്രൊജക്റ്റ് ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം. 24/20.07.23)

ഓഡിറ്റ് നിർദ്ദേശം

.എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തേണ്ടതാണ്.

.പ്രവൃത്തി ആവിഷ്ക്കരിക്കുന്നതിനു മുമ്പായി മറ്റുള്ള വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 മരാമത്ത് പണികൾ-അപാകതകൾ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ മരാമത്ത്

പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1. ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല.**

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17 (3)ൽ നിർദേശിച്ചിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതും പ്രസ്തുത നോട്ടീസിൽ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യം അടങ്ങിയിരിക്കേണ്ടതുമാണ്.

അതായത് -

(1) പണിയുടെ പേര്

(Ii) പണി ചെയ്യിക്കുന്നത് കരാർ വ്യവസ്ഥയിലോ, പഞ്ചായത്ത് നേരിട്ടോ, ഗുണഭോക്തൃസമിതി മുഖേനയോ എന്ന്

(Iii) കരാറുകാരന്റെ, അല്ലെങ്കിൽ ഗുണഭോക്തൃ സമിതി കൺവീനറുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും പേരും മേൽവിലാസവും

(Iv) എസ്റ്റിമേറ്റ് തുകയും കാലാവധിയും;

(V) പണി തുടങ്ങിയ തീയതിയും ചെയ്തു തീർക്കേണ്ട തീയതിയും;

(Vi) എസ്റ്റിമേറ്റിൽ പറയുന്ന സാധനസാമഗ്രികളുടെ വിവരണവും, ഗുണമേൻമയും അളവുകളും വിലയും, സാധനങ്ങൾ എവിടെ നിന്നും, എങ്ങനെ പണിസ്ഥലത്തേക്ക് കൊണ്ടുവരുന്നു എന്നും

(Vii) കരാറുകാരന് അനുവദിച്ച് ടെൻഡർ നിരക്ക്;

(Viii) പഞ്ചായത്ത് നേരിട്ട് പണി ചെയ്യിക്കുന്നതും ഗുണഭോക്തൃ സമിതി മുഖേന പണി ചെയ്യിക്കുന്നതുമായ സംഗതിയിൽ, അനുവദിച്ച കമ്പോളവില, പണിക്കുവേണ്ടി നിയോഗിക്കുന്ന പണിക്കാരുടെ എണ്ണം, പണികൂലി, നിരക്ക് മുതലായവ

(Ix) പണിക്കുവേണ്ടി നൽകിയ മുൻകൂർ തുകയുടേയും മറ്റ് ആനുകൂല്യങ്ങളുടേയും വിവരങ്ങൾ

മേൽ വിവരങ്ങൾ അടങ്ങിയ ഡിസ് പ്ലേ ബോർഡുകൾ നിലവിൽ സ്ഥാപിക്കുന്നില്ല.

**2. പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.**

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.12.4(1) പ്രകാരം നിർവഹണം പൂർത്തിയാക്കി ഫൈനൽ ബിൽ തയ്യാറാക്കുന്നതിനൊപ്പം തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണപത്രം സുലേഖ സോഫ്റ്റ്‌വെയറിൽ നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. പൂർത്തീകരണപത്രം തയ്യാറാക്കുന്നതിനൊപ്പം നിർമ്മിച്ച ആസ്തിയുടെ/ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ചേർക്കുകയും വേണം. എന്നാൽ

പ്രവൃത്തി പൂർത്തീകരണപത്രം തയ്യാറാക്കുകയോ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.

**3. മോണിറ്ററിംഗ് കാര്യക്ഷമമല്ല.**

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.(1) പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരിക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് സമിതികൾ ഇത്തരം വിലയിരുത്തൽ നടത്തിയതിന്റെ വിവരങ്ങൾ ഫയലിലില്ല.

**4. ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് നിർബന്ധമാക്കിയിട്ടില്ല**

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.12.2(3) പ്രകാരം ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡ്, പാലം, കെട്ടിടം അടക്കമുള്ള നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ, 25.11.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 161/2019/ഫിൻ പ്രകാരമുള്ള 'Defect Liability Period' നിർബന്ധമാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് കരാറുകാരുമായി ഏർപ്പെടുന്ന കരാറിൽ ഈ ഉത്തരവ് പ്രകാരമുള്ള 'Defect Liability Period' വ്യവസ്ഥ ചേർക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം. നം. 26/20.07.23)

**<u>1-30 അഗതി കേരളം പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം -വിനിയോഗിച്ചിട്ടില്ല</u>**

2022-23 വർഷം അഗതി കേരളം തുടർ പ്രവർത്തനങ്ങൾക്കായി ജില്ലാപഞ്ചായത്ത് വിഹിതം 01.03.2023 തീയതിയിലെ ഉത്തരവ് നം 3358/ബി 22/Ks/Pkd പാലക്കാട് കുടുംബശ്രീ ജില്ലാമിഷന്റെ നടപടിക്രമം പ്രകാരം 30000/-അനുവദിക്കുകയും കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. (0743101021345,കനറാ ബാങ്ക് മലമ്പുഴ)ആയതിന്റെ ചെലവു വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**<u>1-31 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല</u>**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 20/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ബിൽ നം. 21/22-23/24.01.2023 – 200000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ |

(ഹോമിയോ)

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 200000/- രൂപ (പ്രൊഫോർമ ഇൻവോഴ്സ് നം. PF-1156/12.01.2023) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാനായി നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം. 02/11.07.2023) മരുന്നുകൾ ലഭ്യമാകുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ശക്തി ആരോഗ്യ ഫുഡ്, ആർട്കോ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല.

നിർവഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

| പ്രൊജക്ട് നം. പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 11/23 – അങ്കണവാടി പോഷകാഹാരം | 3500000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം - 2500000, കേന്ദ്രാവിഷ്കൃതം - 1000000 ) | 1961595 രൂപ (വികസന ഫണ്ട് പൊതു വിഭാഗം) | പദ്ധതി പ്രകാരം ശക്തി ആരോഗ്യ ഫുഡ് എന്ന സ്ഥാപനത്തിൽ നിന്നും ആകെ 606988 രൂപയുടെ അമൃതം |

| | | | |
|---|---|---|---|
| | | | ന്യൂട്രിമിക്സ്/ ആരോഗ്യ മിക്സ് വാങ്ങിയിട്ടുണ്ട്.<br>1. ബിൽ നം. 02/22-23/29.10.2022 – 369499/- രൂപ<br>2. ബിൽ നം. 09/22-23/06.01.2023 – 159002/- രൂപ<br>3. ബിൽ നം. 13/22-23/16.03.2023 – 78487/- രൂപ |
| 51/23 – വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ) | 317200 രൂപ (വികസന ഫണ്ട് - എസ് സി പി) | 317200 രൂപ | പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും 79 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.<br>(ബിൽ നം. 07/22-23/13.12.2022 – 317200/- രൂപ) |
| 53/23 – വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ) | 800000 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) | 796800 രൂപ | പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡിൽ നിന്നും 192 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.<br>(ബിൽ നം. 04/22-23/14.11.2022 – 796800/- രൂപ) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/19.07.2023) തുടർന്ന് വരുന്ന ബില്ലുകളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**<u>1-33 പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ - വീൽ ചെയർ</u>**

**<u>പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 162/22, പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ |
| അടങ്കൽ | 300000 രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | ബിൽ നം. 19/22-23/28.03.2023 - 196856 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്കായി വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഫോൽഡിംഗ് വാക്കർ 14 എണ്ണവും വീൽ ചെയർ 22 എണ്ണവും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 203/22-23/17.03.2023). എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് നൽകിയ വീൽ ചെയർ ആവശ്യമുള്ള 4 ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ 4 വീൽ ചെയറുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. ആയത് പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാതെ അവശേഷിക്കുന്നു 4 വീൽ ചെയറുകൾ വിതരണം ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ക്ഷേമ കാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

**<u>1-34 പാലിയേറ്റീവ് പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്</u>**

പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകുകയും ചെയ്തു വരുന്നു. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്ന ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ഒരു പി.എം.സി യോഗം (26.11.2022) മാത്രമാണ് ചേർന്നിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ പി.എം.സി യോഗങ്ങൾ ചേരുന്നില്ല.

2. പ്രൊജക്ട് നം. 12/23 – 'സാന്ത്വന പരിചരണ പരിപാടി' പ്രകാരം 822120 രൂപ

വകയിരുത്തിയിട്ടുണ്ടെങ്കിലും കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 10.07.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 398100 | 127/23 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 398100 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1710000 | 61/23 - ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ 22-23 | 1710000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയ വിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 149/23ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ( വാർഡ്13) | 120541/- 250/16.03.23 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാണ് |
| 2 | 146/23 തെരുവുവിളക്ക് റിപ്പയർ | 141199/- 312/25.03.23 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാണ് |
| 3 | 49/23SOവിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സറ്റൻഷൻ | 763106/- 78/15.10.22 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാണ് |
| 4 | 198 /23മാന്തുരുത്തി മുതൽ പന്നിഫാം വരെയുള്ള സ്ട്രീറ്റ്ലൈൻ എക്സറ്റൻഷൻ | 99120/- 306/24.03.23 | KSEB,മലമ്പുഴക്ക് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാണ് |
| 5 | പ്രൊജക്ട് 160/23 റൂം ഫോർ റിവർ പദ്ധതി | 500000 21/16.01.23) | കേരള ചെറുകിട ജലസേചന വകുപ്പ് ,മലമ്പുഴ ,പാലക്കാടിന് നൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാണ് |
| 6 | പ്രൊജക്ട് 70/23പൊതു ടാപ്പുകൾ നീക്കം ചെയ്യൽ | 100000 24/09.02.23 | കേരള വാട്ടർ അതോറിറ്റിക്കു നൽകിയത് വിനിയോഗ വിവരം ലഭ്യമല്ല |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹40000 വരവുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No.68/ 2018. LSGD Dt.18.5.2018 | 20779065 | 20779065 | 40000 | 3730947 | | 17088118 |

## 4-6 സ്ഥിര നിക്ഷേപം

പാലക്കാട് സ്മാൾ ഹൈഡ്രോ ഇലക്ട്രിക് കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റ് നം. 43/28.6.12 പ്രകാരം 253200 രൂപയുടെ ഓഹരിയുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 253200 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 253200 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 253200 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18740/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 2-3 | 2500 | ചെന്താമരാക്ഷൻ | 1220100076/18.04.2023 |
| 2018-19 | 1-12(b) | 2500 | ചെന്താമരാക്ഷൻ | 1220100076/18.04.2023 |
| 2019-20 | 1-10-1 | 200 | അദുൽറാഗ് പി | 1220100139/22.04.2023 |
| 2019-20 | 1-10-1 | 100 | രാധാകൃഷ്ണൻ വി പി | 1220100142/22.04.2023 |
| 2019-20 | 1-10-1 | 300 | കരുണപ്രകാശൻ | 1220100156/22.04.2023 |
| 2019-20 | 1-10-1 | 100 | സന്തോഷ് ശശിധരൻ | 1220100172/25.04.2023 |
| 2019-20 | 1-10-1 | 200 | സന്തേഷ് | 1220100186/26.04.2023 |
| 2019-20 | 1-10-1 | 3290 | മാനേജിംഗ് ഡയറക്ടർ | 1220100350/13.05.2023 |
| 2019-20 | 1-10-1 | 300 | സുരേഷ് ബാബു കെ | 1220100365/17.05.2023 |
| 2019-20 | 1-10-1 | 100 | കെ എം സന്തേഷ് കുമാർ | 1220100385/17.05.2023 |

| | | | | |
|---|---|---|---|---|
| 2019-20 | 1-10-1 | 1250 | ഹരിത മിനറൽസ് & ബീവറേജസ് | 1220100405/23.05.2023 |
| 2019-20 | 1-10-1 | 400 | ഉഷാ ബ്രേക്കോ ലിമിറ്റഡ് | 1220100443/30.05.2023 |
| 2018-19 | 1-12(b) | 2500 | എം സി മാത്യൂ | 1220100561/18.06.2023 |
| 2017-18 | 2-3 | 2500 | വിജി എം എം | 1220400041/14.07.2023 |
| 2018-19 | 1-12(b) | 2500 | വിജി എം എം | 1220400042/14.07.2023 |
| ആകെ | | 18740 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ, വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2003-04 | ഖ.4.13 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ.11- മുതുകുർശി പത്തായക്കല്ല് (തോട് സംരക്ഷണം) തുക-140613 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | 12- ഐ.സി.ഡി.പി സബ്സെന്റർ- ഫർണീച്ചർ വിതരണം, തുക- 15204 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ 13- വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് |

| | | |
|---|---|---|
| | -100000- | ലഭ്യമായിട്ടില്ല. |
| 2020-21 | ഖ: 1-5-3 – പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഒന്നുമില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹25166284/- |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹36009503/- |
| ആകെ | | ₹61175787/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹27160672/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഭാഗം-1 പ്രകാരം തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹ 15930/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 886500/- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഭാഗം-1 പ്രകാരം തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 7650/- | ശ്രീ പ്രവീൺ.പി.ഐ. സെക്രട്ടറി |
| 1-25 | 8280 | വിനീത്കുമാർ.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ആളുടെ പേരും ഉദ്യോഗപ്പേരും |
| 1-19 | 261000 | ശ്രീ. തങ്കരാജ്. പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 600000 | ശ്രീ. തങ്കരാജ്. പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 25500 | ശ്രീ. പ്രവീൺ. പി.ഐ, സെക്രട്ടറി |
| ആകെ | 886500 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനീത്കുമാർ.എസ്., അസിസ്റ്റന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, | വല്ലത്തുപുര വീട്, |

| | | |
|---|---|---|
| എഞ്ചിനീയർ | മലമ്പുഴ ഗ്രാമപഞ്ചായത്ത് | ഇത്തിങ്ങാപറമ്പ്, അകത്തേത്തറ (പി.ഒ) പാലക്കാട് |
| ശ്രീ. പ്രവീൺ. പി.ഐ, സെക്രട്ടറി | സെക്രട്ടറി, മലമ്പുഴ ഗ്രാമപഞ്ചായത്ത് | പ്രണവം, മംഗലത്തുനട, നേതാജി പുരം പി.ഓ തിരുവനന്തപുരം 695584 |
| ശ്രീ. തങ്കരാജ്. പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മലമ്പുഴ ഗ്രാമപഞ്ചായത്ത് | രാജീവ് നഗർ, കന്നിമാരി പി.ഓ പാലക്കാട് 678534 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി6/98/18.10.1999 | 18 |
| 1997-98 | എൽ.എഫ്.പി7/295/2002/ 30.9.2002 | 18 |
| 1998-99 | എൽ.എഫ്.പി14/614/05/28.1.2006 & എൽ.എഫ്.പി14/83/03/18.6.2003 | 18 |
| 1999-00 | എൽ.എഫ്.പി.14/997/06/10.10.06 | 12 |
| 2000-01 | എൽ.എഫ്.പി.14/666/11/15.6.2011 | 25 |
| 2001-02 | എൽ.എഫ്.പി.14/07/1.11.2008 | 17 |
| 2002-03 | എൽ.എഫ്.പി.14/1368/12/4.8.2012 | 14 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | 7 |
| 2004-05 | എൽ.എഫ്.പി.14/1504/2010/26.3.2011 | 6 |
| 2005-06 | എൽ.എഫ്.പി.14/1502/10/17.3.2011 | 4 |
| 2006-07 | എൽ.എഫ്.പി.14/618/2011/4.6.2011 | 4 |
| 2007-08 | എൽ.എഫ്.പി.14/1503/2010/5.4.2011 | 7 |
| 2008-09 | എൽ.എഫ്.പി.14/1043/2012/25.6.2012 | 11 |
| 2009-10 | എൽ.എഫ്.പി.14/1043/2012/3.7.2012 | 11 |
| 2010-11 | എൽ.എഫ്.പി.14/1238/14/16.5.2015 | 11 |
| 2011-12 | എൽ.എഫ്.പി.14/355/15/30.5.2015 | 24 |
| 2012-13, 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി14-1136/16/16.6.2017 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/2145 16(1)/25.3.2017 | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.14/1412/17/22.2.2018 | 18 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.14/2296/2018/15.7.2021 | 11 |
| 2018-19 | നം.കെ.എസ്.എ-പികെഡി14/849/2020/26.7.2021 | 6 |
| 2019-20 | നം.കെ.എസ്.എ-പികെഡി14-959/21/17.8.2021 | 18 |
| 2020-21 | നം.കെ.എസ്.എ-പികെഡി14-960/21/1.9.2021 | 36 |
| 2021-22 | നം.കെ.എസ്.എ-പികെഡി14-317/23/04.04.2023 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5) dated 1(5) dated 26-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Malampuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Malampuzha Grama Panchayat for the year 2022-2023

**Date: 30/09/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Malampuzha Grama Panchayat for the Year 2022-2023.

### 1.Major Observations

1.Non-Disclosure of liability.

The following liabilities shown in Balance sheet schedule B-4 is not traceable in Asset side Balance sheet B17 schedule

| S.No | Code | Head | Balance Amount |
|---|---|---|---|
| 1 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1704055 |
| 2 | 320700304 | Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats | 375000 |
| 3 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 200510 |
| 4 | 320700405 | Contributions For Other Specific Purposes (For Revenue Expenditure)- From | 2573198 |

| | | | |
|---|---|---|---|
| | | District Panchayats | |

## 2.Other Observations

1. All mandatory financial statements prescribed in accounting rules are not submitted for audit
2. Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Asset register is not updated and it is prepared in a manner that the value of permanant assets could not be traced.
4.All the demands were not periodically reconciled with accounts
5.Demand Collection and balance register does not match with financial statements
6.The Appropriation Control registers are not maintained to substantiate financial statements.
7.Adequate provision is not provided for doubtful debts
8.Documents for verification of capital contribution account not provided.
9.Notes on account is not prepared to satiate prior period income/prior period expense
10.Grant statement is not attached with Annual Financial Statement.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | **Malampuzha Grama Panchayat**<br>**BALANCE SHEET** | | |
| | **As on 31-03-2023** | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 20040006.77 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 48930095.00 |
| | **Total Reserve & Surplus** | | **68970101.77** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 25126929.00 |
| | **Total Grants, Contributions for Specific Purposes** | | **25126929.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 17088118.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **17088118.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 250793.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3677802.23 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3928595.23** |
| | **TOTAL LIABILITIES** | | **115113744.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 197918.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1153338.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19609528.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 58227026.00 |
| 416000000 | Accumulated Depreciation | B-11(a) | -20448030.00 |
| | **Total Fixed Assets** | | **58739780.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 253200.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **253200.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2857613.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17088118.00 |
| 450000000 | Cash and Bank Balance | B-17 | 34015115.00 |
| 460000000 | Loans, Advances and Deposits | B-18 | 2159918.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **56120764.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **115113744.00** |

| | | | |
|---|---|---|---|
| | **Malampuzha Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6664493.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 575320.00 |
| 140000000 | Fee & User Charges | I-4 | 386157.00 |
| 150000000 | Sale & Hire Charges | I-5 | 98885.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 111007487.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 282348.00 |
| 180000000 | Other Income | I-9 | 153033.00 |
| 190000000 | Prior Period Income | I-19 | -1577015.00 |
| | **Total Income** | | **119167723.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 9737647.00 |
| 220000000 | Administrative Expenses | I-11 | 912748.00 |
| 230000000 | Operations & Maintenance | I-12 | 2889342.00 |
| 240000000 | Interest & Finance Charges | I-13 | 3131.00 |
| 250000000 | Decentralised Plan | I-14 | 9992077.00 |

| | | | |
|---|---|---|---|
| | Programme-Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32660979.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7234730.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 21072340.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 32813158.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 4394949.00 |
| | **Total Expenditure** | | **121711101.00** |
| | **Gross Surplus / Deficit of** | | **-2543378.00** |

| | | | |
|---|---|---|---|
| | **income over Expenditure** | | |
| | **Gross Surplus / Deficit of income over Expenditure** | | **-2353381.00** |
| 290000000 | Transfer to Reserve Funds/ Prior Period Item(ILGMS) | I-18 | -1767012.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **189997.00** |

| | | | |
|---|---|---|---|
| | **Malampuzha Grama Panchayat** **RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25114380.00 |
| Cash | Cash | RP-40(a) | 51904.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3277390.00 |
| 130000000 | Rental income from Panchayat Properties | RP-3 | 472000.00 |
| 140000000 | Fees & User Charges | RP-4 | 216161.00 |
| 150000000 | Sale & Hire Charges | RP-5 | 97761.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7248000.00 |
| 171000000 | Interest Earned | RP-9 | 282348.00 |
| 190000000 | Prior Period Income | RP-11 | 45700.00 |
| 220000000 | Administrative Expenses | RP-13 | 7.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19063846.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4076360.00 |
| 460000000 | Loans, Advances and Deposits | RP-49 | 43425.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 18740.00 |
| 330000000 | Secured Loans | RP-31 | 40000.00 |
| 340000000 | Deposits Received | RP-33 | 202789.00 |
| 350000000 | Other Liabilities | RP-35 | 924976.00 |
| | **Grand total** | | **61175787.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for | RP-30 | 5.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| 431000000 | Sundry Debtors (Receivables) | RP-45 | 1299060.00 |
| 460000000 | Loans, Advances and Deposits | RP-49 | 303583.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 158000.00 |
| 350000000 | Other Liabilities | RP-35 | 25400024.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 33974144.00 |
| Cash | Cash | RP-40(b) | 40971.00 |
| | **Grand Total** | | **61175787.00** |

ഡെപ്യൂട്ടി ഡയറക്ടർ